# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1023

30.10.2019-ലെ മറുപടി

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ആൻസലൻ | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതി, കാരോട് കുടിവെള്ള പദ്ധതി എന്നിവയ്ക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അതിയന്നൂർ- -കോട്ടുകാൽ കുടിവെള്ള പദ്ധതിക്ക് 25.49 കോടി രൂപയും, കാരോട് കുടിവെള്ള പദ്ധതിക്ക് 89.19 കോടി രൂപയും കിഫ്ബിയിൽ നിന്നും ധനസഹായനുമതി ലഭിച്ചിട്ടുണ്ട്.<br><br>അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതിയ്ക്കു സാങ്കേതികാനുമതി നൽകുന്നതിലേക്കായി വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. എന്നാൽ ടി. പദ്ധതിയ്ക്കായി പാതിരാശ്ശേരിക്കടവിൽ 10 സെൻറും, ഹോമിയോ ആശുപത്രിക്കടുത്തായി 75 സെൻറ് സ്ഥലവും അതിയന്നൂർ പഞ്ചായത്ത് ജല അതോറിറ്റിയ്ക്ക് കൈമാറേണ്ടതുണ്ട്.<br><br>കാരോട് കുടിവെള്ള പദ്ധതിയുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. എന്നാൽ ടി. പദ്ധതിയ്ക്കായി കാരോട് പഞ്ചായത്ത് അഞ്ചാലിക്കോണം സ്കൂളിനു സമീപം 15 സെൻറും, കുളത്തൂർ പഞ്ചായത്ത് മാവിളക്കടവിൽ 10 സെൻറും, കുളത്തൂരിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രത്തിനു സമീപം 15 സെൻറും സ്ഥലങ്ങൾ ജല അതോറിറ്റിയ്ക്ക് കൈമാറേണ്ടതുണ്ട്. കൂടാതെ പൊൻവിളയിൽ 2 ഏക്കർ സ്ഥലവും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.<br><br>മേൽ പറഞ്ഞ ഭൂമി കൈമാറുന്ന മുറയ്ക്കേ പ്രസ്തുത പദ്ധതികൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പൂർണ്ണമാവുകയുള്ളൂ. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ബി) | അതിയന്നൂർ- കോട്ടുകാൽ, കാരോട് കുടിവെള്ള പദ്ധതികളുടെ ഡി.പി.ആർ. പ്രകാരം ടെൻഡർ നടപടികൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | സാധാരണ ഗതിയിൽ ടെണ്ടർ നടപടികൾ എപ്പോൾ ആരംഭിക്കും എന്നത് DPR-ൽ പറയാറില്ല. സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. സാങ്കേതിക അനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടര നടപടികൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സാധിക്കുന്നതാണ്. |
| (സി) | ഏതൊക്കെ പ്രവൃത്തികൾക്കാണ് ആദ്യം ടെൻഡർ നടപടി പൂർത്തീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) | പദ്ധതികളുടെ മുഴുവൻ ഘടകങ്ങളുടെയും പ്രവൃത്തികൾ ഒരുമിച്ച് ടെൻഡർ ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | കാരോട് കുടിവെള്ള പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കാൻ തുക അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; അനുവദിച്ചെങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്നും, ഇല്ലായെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | കാരോട് കുടിവെള്ള പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 10.25 കോടി രൂപ പ്രൊജക്റ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും കിഫ്ബി തുക അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ജലശുദ്ധീകരണ ശാല നിർമ്മിക്കുന്നതിന് പൊൻവിളയിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൈകാര്യ ചിലവിനത്തിലും ആനുഷാംഗിക ചിലവിനത്തിലുമായി 37,29,995 രൂപ ഒടുക്കുവാനുള്ള അറിയിപ്പ് സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇത് വർക് ബ്രേക്ക് ഡൌൺ സ്ട്രക്ചർ (WBS-പേയ്മെന്റുമായി ബന്ധപ്പെട്ടത്) ആക്കി കിഫ്ബി PFMS (Public Financial Managment System) പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ